കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തളിപ്പറമ്പ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൻ.ആർ./സി.18/132/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 14.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ(സെക്രട്ടറി മുഖാന്തിരം)

തളിപ്പറമ്പ നഗരസഭ

സർ,

വിഷയം: തളിപ്പറമ്പ നഗരസഭ – 2017 -18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തളിപ്പറമ്പ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1 സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്(ഉപരിപത്രം സഹിതം)

2 ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഏയിംസിൽ)

3 ഡയറക്ടർ നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4 റീജിനൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം,കോഴിക്കോട്

5കാര്യാലയ പ്രതി

നം.കെ.എസ്.എ.കെ.എൻ.ആർ./സി.18/132/2019 തീയതി : 14.03.2019

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ നഗരസഭയുടെ 2017 -18സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

### ആമുഖം

തളിപ്പറമ്പ നഗരസഭയുടെ 2017 -18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ വിവിധ ഇനങ്ങളിലായി 10-07-2017 മുതൽ 31-3-18 വരെ നടത്തിയ പണം പിരിവ് ,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 31 അന്വേഷണക്കുറിപ്പുകളിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം 4-1-19 മുതൽ 25-1-19വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
| --- | --- |
| ശ്രീമതി.രമണീ കിഴക്കീൽ | ഓഡിറ്റ് ഓഫീസർ(ഹ. ഗ്രേ. ) |
| ശ്രീമതി.റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.അനൂപ് .കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സബിത .കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.അള്ളാംകുളം മഹമ്മൂദ് | 01-04-17മുതൽ<br>31-03-18വരെ |
| സെക്രട്ടറി | ശ്രീ. കെ.മനോഹർ | 01-04-16 മുതൽ 18-05-17 വരെ |
| | ശ്രീ. സുരേന്ദ്രൻ.പി<br>സൂപ്രണ്ട് (സെക്രട്ടറിയുടെ അധിക ചുമതല) | 19-05-17മുതൽ 31-07-17 വരെ |
| | ശ്രീ. ബിജു.പി.വി,<br>മുനിസിപ്പൽ എഞ്ചിനീയർ (സെക്രട്ടറിയുടെ അധിക ചുമതല) | 01-08-17മുതൽ<br>14-01-18വരെ |
| | ശ്രീ.അഭിലാഷ്.കെ | 15-01-18മുതൽ<br>31-03-18വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. പി.വി.ബിജു | 01-04-17 | 31-03-18 |
| ഹെഡ്മാസ്റ്റർ | ശ്രീ.പി.ദിനേശൻ | 01-04-17 | 31-03-18 |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | ഡോ. എം.പ്രീത | 01-04-17 | 31-03-18 |
| ചീഫ് മെഡിക്കൽ ഓഫീസർ<br>ഗവ.ആയുർവേദ ഹോസ്പിറ്റൽ | ഡോ.പി.വി.അനിൽകുമാർ | 01-04-17 | 30-06-17 |
| | ഡോ.മാഗിൻ | 04-07-17 | 11-10-17 |
| | ഡോ.ഗീത.എൽ | 12-10-17 | 31-03-18 |
| ഐ. സി. ഡി. എസ് . സൂപ്പർ വൈസർ | ശ്രീമതി.ലക്ഷമിക്കുട്ടി | 01-04-17 | 31-03-18 |

| | | | |
|---|---|---|---|
| സീനിയർ വെറ്റിനറി ഓഫീസർ | 1.ഡോ.സി.പി.പ്രസാദ്<br>2.ഡോ. ശ്രീഷ ആർ.ഖരെ | 01-04-17<br>05.11.17 | 04-11-17<br>31.03.18 |
| പ്രൊജക്റ്റ് ഓഫീസർ<br>ദാരിദ്ര്യനിർമാർജനസെൽ | ശ്രീ.പി.പ്രദീപ്കുമാർ | 01-04-17 | 31-03-18 |
| കൃഷി ഓഫീസർ | ശ്രീമതി.സപ്ന.കെ | 01-04-17 | 31-03-18 |

<u>ഉള്ളടക്കം</u>


| ക്രമനമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 8 | 1-7 | ക്ഷേമപദ്ധതികൾ |
| 9 | 1-8 | ക്യാഷ് പരിശോധന |
| 10 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 12 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല |

| | | |
|---|---|---|
| 14 | 2-2 | വസ്തു നികുതി അപാകങ്ങൾ- |
| 15 | 2-3 | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് -അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 16 | 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - ഭീമമായ കുടിശ്ശിക |
| 17 | 2-5 | തൊഴിൽ നികുതിവരവ് - അപാകതകൾ |
| 18 | 2-6 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അപാകതകൾ- കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. |
| 19 | 2-7 | പട്ടികൾക്ക് ലൈസൻസ് -ഈടാക്കുന്നില്ല |
| ഭാഗം 3ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | 3-1 | ഭവന പുനരുദ്ധാരണം -മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല ചെലവ് രേഖകളുടെ അഭാവത്തിൽ 150000/- രൂപ തടസ്സപ്പെടുത്തുന്നു. |
| 21 | 3-2 | +1 ന് മുകളിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 22 | 3-3 | നഗരസഭാ കാര്യാലയത്തിലേക്ക് ഫർണിച്ചർ-ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. |
| 23 | 3-4 | വയാബിലിറ്റി ഗ്യാപ്പ് ഫണ്ട്- സർക്കാർ നിർദ്ദേശം പാലിക്കാതെ തുക കൈകാര്യം ചെയ്യാവുന്നതല്ല |
| 24 | 3-5 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി – ചെലവ് രേഖകളിൽ വ്യക്തതയില്ല – 494918/- രൂപ തടസ്സപ്പെടുത്തുന്നു. |

| | | |
|---|---|---|
| 25 | 3-6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല. 180000 രൂപ തടസ്സപ്പെടുത്തുന്നു |
| 26 | 3-7 | പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദേശം പാലിച്ചില്ല.1,81,710 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 27 | 3-8 | സീനിയർ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ |
| 28 | 3-9 | ഭവന റിപ്പയർ പദ്ധതി-അപാകതകൾ |
| 29 | 3-10 | ബാലസഭ പ്രവർത്തനം-പഠനയാത്ര നടത്തിയത് മാർഗ്ഗരേഖാ ലംഘനം |
| 30 | 3-11 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ - തുകയുടെ വിനിയോഗവിവരങ്ങൾ ഹാജരാക്കിയില്ല.900000 രൂ.തടസ്സപ്പെടുത്തുന്നു. |
| 31 | 3-12 | ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കുമ്പോൾ വിവിധ അവധികൾ കാരണം ശമ്പളത്തിലുണ്ടാകുന്ന കുറവ് പരിഗണിച്ചില്ല. |
| 32 | 3-13 | ടെണ്ടർ കുറവ് പരിഗണിക്കാതെയും,എസ്റ്റിമേറ്റിൽ നിജപ്പെടുത്താതെയും തുക അനുവദിച്ചതുവഴി അധികതുക കരാറുകാരന് നല്കി. |
| 33 | 3-14 | ടെണ്ടർ കുറവ് ബില്ലിൽ നിന്നും കുറവ് ചെയ്തില്ല.270 രൂപയുടെ ചെലവ് നഷ്ടം |
| 34 | 3-15 | ഒഴിഞ്ഞ താർ വീപ്പയുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കുന്നില്ല. |
| 35 | 3-16 | ജി എസ് ടി കോമ്പൻസേഷൻ അനുവദിക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ് |

| | | |
|---|---|---|
| 36 | 3-17 | തളിപ്പറമ്പ നഗരസഭയിലെ പെൻഷൻ ഫണ്ടിന്റെ രൂപീകരണവും പരിപാലനവും സംബന്ധിച്ച റിപ്പോർട്ട് |
| 37 | 3-18 | വഹനം സംസ്ഥാന ഇൻഷ്വൂറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യുന്നില്ല |
| 38 | 3-19 | അനുവദനീയമായതിലും അധികനിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പുനപരിശോധിച്ച് നഷ്ടം തിട്ടപ്പെടുത്തേണ്ടതാണ്. |
| 39 | 3-20 | SIDCO യിൽ നിന്നും മുഴവൻ തുകയുടെയും ബിറ്റുമിൻ ലഭ്യമായില്ല. |
| 40 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 41 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം |
| 42 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം |
| 43 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 44 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 45 | 4-6 | ഓഡിറ്റ് റിക്കവറി |
| 46 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം |
| 47 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 49 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 50 | അനുബന്ധം-2-1 | RECEIPT AND PAYMENT STAT EMENT OF TALIPARAMBA MUNICIPALITY FOR THE PERIOD FROM 1.4.2017 TO 31.3.2018 |

| | | |
|---|---|---|
| 51 | അനുബന്ധം-2-2 | INCOME AND EXPENDITURE STATEMENT OF TALIPARAMBA MUNICIPAILTY FOR THE PERIOD FROM 1.4.2017 TO 31.3.2018 |
| 52 | അനുബന്ധം-2-3 | BALANCE SHEET OF TALIPARAMBA MUNICIPALITY AS ON 31.3.2018 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-3-2017തീയതിയിലെ 1/18തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 142319558 |
| വരവ് | 535814700 |
| ആകെ | 678134258 |
| ചെലവ് | 573924000 |
| നീക്കിയിരിപ്പ് | 104210258 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/18 | 17/08/18 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30-08-18 ,31-08-18 | കെ.എസ്.എ.കെ.എൻ.ആർ /സി18/1633/2018 തീ 07-9-18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 99491741 |
| വരവ് | 244996782 |
| ആകെ | 344488523 |
| ചെലവ് | 282139412 |
| നീക്കിയിരിപ്പ് | 62349111 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 33846000 | 33846000 | 27763075 | 6082925 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6382000 | 6382000 | 2424237 | 3957763 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11474422 | 11474422 | 10834342 | 640080 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 9179821 | 9179821 | 8638730 | 541091 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 55585716 | 55585716 | 51884925 | 3700791 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 1650711 | 1650711 | 1650711 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അനുപൂരക പോഷകാഹാരം | 0 | 729357 | 729357 | 729357 | 0 |
| തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് | 99491740.96 | 173394943 | 272886683.96 | 210537573 | 62349110.96 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട്) | 0 | 1984043 | 16839905 | 18823948 | 15267388 |

ജനറൽ പർപ്പസ് ഗ്രാന്റ്, ബി. ഫണ്ട് എന്നിവയെ സംബന്ധിച്ച് പൂർണ്ണവിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 326 | 180525995 | 246 | 109919006 | 15 | 65 | 75.46 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നപ്പിലാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1.സെക്രട്ടറി | 31 | 18 | 27133853 | 10908582 | 42.2 |
| 2.മുനിസിപ്പൽ എഞ്ചിനീയർ | 250 | 197 | 129760458 | 83862692 | 64.63 |

| | | | | | |
|---|---|---|---|---|---|
| 3.കൃഷി ഓഫീസർ | 8 | 8 | 4112600 | 3646867 | 88.68 |
| 4.പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 6 | 6 | 3930000 | 1784130 | 45.40 |
| 5.ICDS സൂപ്പർവൈസർ | 5 | 5 | 5703600 | 3643050 | 63.87 |
| 6.മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 5 | 2 | 2500000 | 1584798 | 63.39 |
| 7.മെഡിക്കൽ ഓഫീസർ GAD | 2 | 1 | 1100000 | 1000000 | 90.91 |
| 8.വെറ്ററിനറി സർജൻ | 6 | 6 | 1816960 | 884730 | 48.69 |
| 9.ഹെഡ് മാസ്റ്റർ | 13 | 3 | 4468524 | 2604157 | 58.28 |
| ആകെ | 326 | 246 | 180525995 | 109919006 | 60.8 |

പദ്ധതി ആസൂത്രണം -അവലോകനം

I ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും

തളിപ്പറമ്പ നഗരസഭയിൽ 16 അംഗ ആസൂത്രണസമിതി യും 15വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചിട്ടുണ്ട്.

II.വികസനരേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

III.വാർഡ്സഭകൾ

നഗരസഭയിൽ ആകെ 34വാർഡുകളാണുള്ളത്. എല്ലാ വാർഡ് സഭകളും 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. വാർഡ് സഭാ മിനുട്സിൽ വോട്ടർമാരുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ യോഗത്തിലെ ജന പ്രാതിനിധ്യം ഉറപ്പുവരുത്താനായിട്ടില്ല.

IV.വികസന സെമിനാർ

പദ്ധതി രൂപീകരണത്തിൻെ ഭാഗമായി 07-03-2017 തീയതിയിൽ നടന്ന

വികസനസെമിനാറിൽ 193പേർ പങ്കെടുത്തിട്ടുണ്ട് . വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ട്.

V.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

VI.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

VII.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

നഗരസഭയുടെ 19--05-2017 ലെ സാധാരണ യോഗത്തിലെ സി.ആർ.നം. 1 നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ആയതിന് 15-06-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രസമിതിയോഗത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.

VIII.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുതവെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൂന്നവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

IX.<u>വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും</u>

2017-18 വർഷത്തെ പദ്ധതി അടങ്കൽ 180525995 രൂപയും ചെലവ് 109919006രൂപയുമാണ്. ആകെ 326 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 246 എണ്ണമാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതി മോൽണിറ്ററിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളെല്ലാം തന്നെ ലക്ഷ്യം കൈവരിച്ചുവോ എന്നത് വിലയിരുത്തുവാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികളുടെ വിവരം

1) 271/18 മാലിന്യ പ്ലാന്റിലേക്ക് ലോറി വാങ്ങൽ

2) 343/18 മുൻസിപ്പൽ ഓഫീസിന് മുൻവശം കുട്ടികളുടെ പാർക്ക് നിർമ്മാണം

3) 186/18 കളരിക്കൽ കനാൽ റോഡ് ഫോർമെഷൻ

4) 229/18 കുംബ്ലേർ റോഡ് റീ ടാറിംഗ്

5) 233/18 തൃച്ചംബരം കിഴക്കേനട വട്ടപ്പാറ റോഡ് റീ ടാറിംഗ്

6) 257/18ബാവുക്കാട് -കീഴാറ്റൂർ സാംസ്കാരിക നിലയംകനാൽ റോഡ്

7)241/18ഡയാലിസിസ് യൂമിറ്റ് -ആവശ്യ ജീവനക്കാരുടെ നിയമനം

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48960 | 74 |
| കർഷകതൊഴിലാളി പെൻഷൻ | 4166600 | 324 |
| വിധവാപെൻഷൻ | 16675500 | 1456 |
| വാർദ്ധക്യകാലപെൻഷൻ | 26096200 | 2180 |
| വികലാംഗപെൻഷൻ | 4302600 | 404 |
| അവിവാഹിതപെൻഷൻ | 1439300 | 121 |
| വിവാഹധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-1-2019ന് 12pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 62048/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2017-18 സാമ്പത്തിക വർഷം ആകെ 2 പ്രാവശ്യമാണ് സ്റ്റാഫ് മീറ്റിംഗ് (30-12-17 നും 2-02-18 നും.) ചേർന്നിട്ടുള്ളത്. ഓഫീസ് ഉത്തരവു പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ടെങ്കിലും ആയത് രേഖപ്പെടുത്തുന്നതിന് ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിക്കുന്നില്ല. തൻവർഷം മുതൽ നഗരസഭയിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ഡി.സി.ബി. ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയവയുടെ ഡിമാൻറ് റജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പൊതുവെ നഗരസഭയിൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കുറ്റമറ്റതല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-5-2014 | 2012-13 മുതൽ 2013-14 | 13-2-15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2017 | 2012-2013മുതൽ2015-16 | 8-5-17 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1തൻവർഷ വസ്തുനികുതി ഡിമാന്റ്(I-1/17588255) ,കളക്ഷൻ(RP-37/13094780) ,ബാലൻസ് (B-15/458621) എന്നിവ പൊരുത്തപ്പെടുന്നില്ല.

2.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ,വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.വസ്തുനികുതി റെമിഷൻ ഇനത്തിൽ 7003 രൂപ I-1(a) ഷെഡ്യൂൾ പ്രകാരം ഇളവ് നൽകിയിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച രേഖ ഹാജരാക്കിയിട്ടില്ല.

4. വസ്തുനികുതി കുടിശ്ശിക ഡിമാന്റ്(B-15,2016-17/1699620) ,കളക്ഷൻ

(RP-37/3038506) ,ബാലൻസ് (B-15/1040787) എന്നിവ പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക വസ്തുനികുതിയിൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഡിമാന്റ് ചെയ്തതിനേക്കാൾ കൂടുതൽ തുകയാണ് കളക്ഷനായി രേഖപ്പെടുത്തിയിട്ടുള്ളത്.

5.ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് ,കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.ഡിമാന്റ്-1303973 (ഐ-1-4),കളക്ഷൻ -435975(ആർ പി-37),2016-17 ൽ അഡ്വാൻസ് കളക്ഷനായി വരവ് വന്ന തുക ക്രമീകരിച്ചത് 843868(ബി-9/2016-17),ബാലനൻസ് 21393(ബി-15).ആയത് പ്രകാരം ബാലൻസായി വരേണ്ട തുക 24130 രൂപയാണ്.

6.ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7.ഡി ആന്റ് ഒ ലൈസൻസ് കുടിശ്ശിക ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

8.തൊഴിൽ നികുതി ട്രേർഡ്സ്ഫ് ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
9.തൊഴിൽ നികുതി കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. തൊഴിൽ നികുതി ട്രേർഡ്സ്ഫ് കുടിശ്ശിക ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

11.വാടക ഇനത്തിലെ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് 5150007(ഐ-3) ,കളക്ഷൻ 5060097(ആർ പി -37) ,ബാലൻസ് 178686(ബി-15).വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ പ്രകാരം ബാലൻസ് വരേണ്ടത് 89910 രൂപയാണ്.
12.താഴെ കൊടുത്ത ഷെഡ്യൂളുകൾ പ്രകാരമുള്ള വരവിനങ്ങൾക്ക് രേഖകളും രജിസ്റ്ററുകളും ഹാജരാക്കിയിട്ടില്ല.

| ക്രമനം | ഷെഡ്യൂളിന്റെ പേര് | ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 1 | RP-1(Tax Revenue) | 8921947 |
| 2 | RP-3(Rental Income from Muncippal properties) | 276563 |
| 3 | RP-4(Fees and Usercharges) | 4286311 |
| 4 | RP-7 (Sale and Hire charges) | 12787400 |
| 5 | RP-34(Investments General Fund) | 109333 |
| 6 | RP-22 (Earmarked Fund) | 5433831 |
| 7 | RP-27(Deposits Received) | 2310121 |
| 8 | RP-29(Other Liabilities) | 12162797 |
| 9 | RP-41(Loans Advances ,Deposits) | 47000 |

13.കേന്ദ്രാവിഷ്കൃത ഫണ്ട് മുന്നിരിപ്പ് 14110516 (ബി -4/2016-17) തൻവർഷ വരവ് 1179149(ആർപി 24),തൻവർഷ ചെലവ് 4896854(ആർപി 24) നീക്കിയിരിപ്പ് 9552291

(ബി 4) എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല. മാത്രമല്ല 2017-18 ലെ ചെലവ് സ്റ്റേറ്റുമെന്റിലെ ഇതേ ഇനത്തിലെ ചെലവുമായും (280768) പൊരുത്തപ്പെടുന്നില്ല.

14.ദുരിതാശ്വാസനിധി ഇനത്തിലെ മുന്നിരിപ്പും 363104(ബി-2/2016-17),തൻവർഷ വരവ് 14700(ആർപി 22),തൻവർഷ ചെലവ് 150200(ആർപി 22) തൻവർഷ നീക്കിയിരിപ്പുമായി 238856(ബി2) പൊരുത്തപ്പെടുന്നില്ല.

15.പെൻഷൻ കോൺട്രിബ്യൂഷൻ കണ്ടിജന്റ് സ്റ്റാഫ് മുന്നിരിപ്പ് 1100533(ബി 2/2016-17) തൻവർഷ വരവ് 0 ,തൻവർഷ ചെലവ് 1172625(ആർപി 22),തൻവർഷ നീക്കിയിരിപ്പ് 772082(ബി-2) എന്നിവയുടെ പരിശോധനക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

16.ഗുണഭോകതൃവിഹിതമിനത്തിലെ മുന്നിരിപ്പും 2392899(ബി-4/2016-17),തൻവർഷ വരവ് 7271667(ആർപി -24),തൻവർഷ ചെലവ് 1107972(ആർപി -24) തൻവർഷ ബാലൻസ് 1986594 (ബി-4) എന്നിവ പൊരുത്തപ്പെടുന്നില്ല.

17. Grants for projects ഇനത്തിലെ മുന്നിരിപ്പും 7432243(ബി-4/2016-17),തൻവർഷ വരവ് 32508167(ആർപി-24),തൻവർഷ ചെലവ് -0(ആർപി -24) ,തൻവർഷ നീക്കിയിരിപ്പ് 9929608(ബി-4) എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

18. Other Grants & Contributions for Specific Purposes ഇനത്തിലെ മുന്നിരിപ്പും 0(ബി-4/2016-17),തൻവർഷ വരവ് 762000(ആർപി-24),തൻവർഷ ചെലവ് -12000(ആർപി -24) ,തൻവർഷ നീക്കിയിരിപ്പ് 322841(ബി-4) എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

19. (B-9) -മാർച്ച് മാസത്തിലെ ശമ്പളമിനത്തിനായി 3020556 രൂപ പ്രൊവിഷൻ വെച്ചിട്ടുണ്ട്.എന്നാൽ 3/2018 ലെ ശമ്പളമിനത്തിലെ 1814171 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളു.

20. ബി-11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച വിവരം പരിശോധിക്കാനായി ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

21. 2017-18 വർഷം ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 5,00,000/- രൂപയാണ്. എന്നാൽ RP-41 ൽ ഈ ഇനത്തിലെ തുകയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 5,03,000/- രൂപയാണ്. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുകയിൽ രജിസ്റ്റർ പ്രകാരം 3000/- രൂപ തിരികെ ലഭിക്കാൻ ബാക്കിയുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

22. ബി-14 ഷെഡ്യൂളിൽ Stock in Hand(inventories)ഇനത്തിൽ 127224/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട് ആയതിന്റെ കൃത്യത പരിശോധനക്കാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

23. ബി 18 ഷെഡ്യൂളിൽ Loans, Deposits and Advances 454376 രൂപ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

24.വികസന ഫണ്ട് (ജനറൽ) ഇനത്തിൽ വാർഷിക ധനകാര്യപത്രികയിലെ തുക (27463027/- RP-6) ACR ലെയും ചെലവ് പത്രികയിലെയും തുകയുമായി (27763075/- )പൊരുത്തപ്പെടുന്നില്ല.

25. RP-6 ൽ താഴെ പറയുന്ന ഫണ്ടിനങ്ങളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഫണ്ടിനം | തുക |
|---|---|---|
| 1 | Reimbursement of Expenses | 852379/- |
| 2 | Fund for Transferred Institution Health | 7096691 |
| 3 | Fund for Transferred Institution-Others / Miscellaneous | 123672 |

26.വാർഷിക ധനകാര്യപത്രികയിലെ ബി-21 ഷെഡ്യൂൾ പ്രകാരം provision for outstanding property taxes ഇനത്തിൽ (2947159) രൂപയും provision for outstanding profession tax-institutions/professionals/traders ഇനത്തിൽ (774311) രൂപയും വകയിരുത്തിയിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

27.കാലാവധി കഴിഞ്ഞ അൺക്യാഷ്ഡ് ചെക്കുകളുടെ മേൽ തുടർനടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

28.RP.6 പ്രകാരം ഹെൽത്ത് ഡിപ്പാർട്ട്മെൻറിനുള്ള വരവായി 699648 രൂ. കാണിക്കേണ്ടതിനു പകരം7096691രൂ.എന്നാണ് കാണിച്ചിരിക്കുന്നത്.

29. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ വാർഷിക ധനകാര്യ പത്രികയിലെ തുകയും (51571477/- ആർ.പി.-6) എ.സി.ആറിലെ തുകയും പൊരുത്തപ്പെടുന്നില്ല.

മുകളിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ പൂർണ്ണമായും പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭയിലെ പദ്ധതി നിർവ്വഹണ നടത്തുന്നതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനുവേണ്ടി താഴെ പറയുന്ന രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് | രസീത് ബുക്ക് നമ്പർ |
|---|---|
| വെറ്ററിനറി സർജ്ജൻ | 31,33,34,35,36 |
| കൃഷി ഓഫീസർ | 32,38,39,40,1,2,3,4,5,6,7 |

മേൽ പറഞ്ഞ ബുക്കുകൾ ഹാജരാക്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം (5 /17-18/തീയ്യതി :19.01.2019)നൽകിയതിന് മറുപടി ഹാജരാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ എത്ര ബുക്കുകൾ വാങ്ങി എന്നോ എത്ര എണ്ണം വിതരണം നടത്തി എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത്തരം നടപടി, രശീത് ബുക്കുകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളത് കണക്കിലെടുത്ത് ഗൗരവമായി കാണേണ്ടതും കൃത്യമായ മറുപടി നൽകേണ്ടതുമാണ്.

## 2-2 വസ്തു നികുതി അപാകങ്ങൾ–

I. സ.ഉ.(അ)18/11/തസ്വഭവ തി 14.1.11 പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്കും അനുബന്ധമായി പുറപ്പെടുവിച്ച, സ.ഉ. (അ)100/13/തസ്വഭവ തീ.15.03.13 ഭേദഗതിചട്ടങ്ങളും സ്പഷ്ടീകരണങ്ങളും പരിഗണിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവുകൾ [സ.ഉ. (എം.എസ്) 144/15/ത സ്വഭവ തി. 27.4.15, സ.ഉ. (എം.എസ്) 358/15/തസ്വഭവ തി. 16.12.15 ] പ്രകാരമുള്ള വസ്തു നികുതി പുന നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

2. പൊളിച്ച കളഞ്ഞതിനാൽ നികുതിയിൽ നിന്നും ഒഴിവാക്കിയ (write off) കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. നികുതി ഇളവ് അനുവദിച്ചതിന്റെ ഫയലുകളും ഹാജരാക്കിയിട്ടില്ല.

3. 2017-18 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തിയാക്കി Occuppancy Certificate നല്കിയ കെട്ടിടങ്ങളുടെ നികുതി അസസ്സ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയ അസസ്സ്മെന്റ് രജിസ്ററർ പൂർണ്ണമല്ലാത്തതിനാൽ 2015-16 വർഷം നിർമ്മാണം പൂർത്തിയാക്കിയ എല്ലാകെട്ടിടങ്ങളുടെയും നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക സാധ്യമായിട്ടില്ല

4. ഒഴിവായി കിടന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നല്കിയതിന്റെ രേഖകളും രജിസ്റ്ററുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (റമിഷനു വേണ്ടി ഉടമസ്ഥർ സമർപ്പിച്ച അപേക്ഷകൾ , രജിസ്റ്ററുകൾ, ഒഴിവാക്കിയ നികുതിയുടെ വിവരം)

5. 2017-18 വർഷത്തെ വസ്തുനികുതി സംബന്ധിച്ച സഞ്ചയയിലെ സംക്ഷിപ്തവും വിവരങ്ങൾ (ഡിമാൻഡ് കലക്ഷൻ. ബാലൻസ് ) മാന്വലായി തയ്യാറാക്കിയ രജിസ്റ്ററിലെ സംക്ഷിപ്തവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

6. വസ്തുനികുതി കുടിശ്ശിക വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

7. നഗരസഭപരിധിയിൽ കണ്ടെത്തുന്ന അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.നഗരസഭാ പരിധിയിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയതിന്മേൽ നടപടികൾ സ്വീകരിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തുനികുതി ചുമത്തുന്നതിലും പിരിച്ചെടുക്കുന്നതിനും ഒട്ടേറെ വീഴ്ചകൾ ആവർത്തിച്ചുവരുന്നത് വമ്പിച്ച റവന്യൂ നഷ്ടം ഉണ്ടാകുന്നത് കണക്കിലെടുത്ത് ന്യൂനതകൾ പരിഹിരിക്കാൻ അടിയന്തിര നടപടികൾ ഉണ്ടാവേണ്ടതിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം പരിതാപകരമായത് ന്യൂനതകൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## **2-3** <u>തറ വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

250 ച മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയം നടത്തിയതിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം അപാകങ്ങൾ ഉണ്ടായിട്ടുണ്ട് .

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ ഒറ്റ കെട്ടിടം എന്ന നിലയിൽ നികുതി നിർണ്ണയം നടത്താതെ ഓരോ നിലയുടെയും വിസ്തീർണ്ണം പ്രത്യേകം പ്രത്യേകം കണക്കാക്കി നികുതി നിർണ്ണയം നടത്തിയതിനാൽ 250 ച മി കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതിയിൽ വരുത്തേണ്ട വർധനവ് ഉൾപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22 / 22-01-18) നൽകിയ മറുപടിയിൽ പുതതായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഒക്യൂപ്പെൻസി ലഭിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ഫോറം 6 ഉപയോഗിച്ച് ചെയ്തുവരുമ്പോൾ ഒരേ കെട്ടിടത്തിൽ വിവിധ വ്യപാര സ്ഥാപനങ്ങൾ നടത്തേണ്ടതുള്ളതിനാൽ ഒരേ കെട്ടിടത്തിന്റെ ഓരോ കടമുറികൾക്കും വിവിധ നമ്പറുകൾ നല്കുന്നതിനായി സഞ്ചയസോഫ്റ്റ് വെയറിൽ ഡാറ്റാഎൻട്രി നടത്തുമ്പോൾ ഓരോ കടമുറിയുടെയും വിസ്തീർണ്ണം 250 ച മീറ്ററിൽ കുറവാകുന്നതിനാൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നിയമാനുസൃതമായ നികുതി വർദ്ധനവ് ഉൾപ്പെടുത്താൻ സാധിക്കുന്നില്ല എന്ന മറുപടിയാണ് നൽകിയത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233(2) ബി,

പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 233(9)പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉടമസ്ഥന്റെ സൌകര്യാർത്ഥം ഒരു കെട്ടിടത്തിന്റെ വിവിധ കടമുറികൾക്ക് വ്യത്യസ്ത നമ്പറുകൾ സോഫ്റ്റ് വെയറിൽ ഓരോ കടമുറിയുടെയും വിസ്തീർണ്ണം മാത്രമാണ് പരിഗണിക്കുന്നതെന്നതിനാൽ 250 ച മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഉദാഹരണമായി താഴെകൊടുത്തിരിക്കുന്ന പ്രകാരമുള്ള നികുതി നഷ്ടം ഉണ്ടാകാനിടയുണ്ട്.

1. കവിയിൽ ചാക്കോഫിലിപ്പിന്റെ 453/12-13/6.10.12 നമ്പറിംഗ് പെർമിറ്റ് പ്രകാരം 10.11.17 പൂർത്തീകരിച്ച 429. 34 ച മീ വിസ്തൃതിയുള്ള കെട്ടിടത്തിന് ഫോറം 2 പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവിന് അർഹമാണെന്ന് കണ്ടെത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അത്തരം വർദ്ധനവ് ഉൾപ്പെടാത്തതിനാൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം നികുതി വരുമാനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

| വർഡ്/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ച മീറ്ററിൽ | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം | | | | സഞ്ചയ പ്രകാരം | |
|---|---|---|---|---|---|---|---|---|
| | | | ഉൾപ്പെട്ടുത്തേണ്ട വർദ്ധനവ് (റോഡ് 20%+ തറ15%) | ഉൾപ്പെട്ടുത്തേണ്ട ഇളവ് മേഖല 20% | ആകെ വർദ്ധനവ്/ ഇളവ് (15%) | ആകെ അടിസ്ഥാന നികുതി | റോഡ് 20% - ഇളവ് മേഖല 20% | അടിസ്ഥാന വസ്തു നികുതി യിൽ ഉണ്ടായിട്ടുള്ള കുറവ് |
| 29/818/A | 214.67 | 17173.6 | 6010.76 | 3434,72 | 2576 | 19750 | 0 | 2576 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 29/818/B FF | 214.67 | 17173.6 | 6010.76 | 3434.72 | 2576 | 19750 | 0 | 2576 |
| ആകെ | 429. 34 | | | | | | | 5152 |

2. 28.07.27 ന് നിർമ്മാണം പൂർത്തിയാക്കിയ TMC XII വാർഡിലെ മുഹമ്മദ് മദനി കൊടിയിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 1941.01 ച മീ വിസ്തീർണ്ണമുള്ള ( BF 77.66+ GF 800.65+FF 1062.70) കെട്ടിടത്തിന് ഉടമസ്ഥന്റെ സൌകര്യാർത്ഥം താഴത്തെ നിലയിലും മുകളിലത്തെ നിലയിലും 35 വീതം മുറികളായി തിരിച്ച് ഫോറം 6 പ്രകാരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്തി താഴെ പറയുന്നപ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ കെട്ടിടം ഡാറ്റാ എൻട്രി ചെയ്താൽ തറ നിർമ്മിതിയുടെ അടിസ്ഥനത്തിൽ ഈടാക്കിയ 15 % വർദ്ധനവ് പ്രകാരമുള്ള തുകയായ 22360 രൂപ ഉൾപ്പെടാൻ സാധ്യമാകുകയില്ല.

| | വിസ്തീർണ്ണം | അടിസ്ഥാന നികുതി (80/ച മീ) | തറ നിർമ്മിതിയുടെ അടിസ്ഥനത്തിലുള്ള വർദ്ധനവ് 15% |
|---|---|---|---|
| താഴത്തെ നില | 800.65 | 64052 | 9607.8 |
| ഒന്നാം നില | 1062.7 | 85016 | 12752.4 |
| ആകെ | | | 22360.2 |

ആയതിനാൽ സോഫ്റ്റ് വെയറിലുണ്ടായിട്ടുള്ള അപാകം കാരണം നഗരസഭയ്ക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

II. വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം- നികതി നിർണ്ണയത്തിലുണ്ടായ കുറവ് 2167 രൂപ ഈടാക്കേണ്ടതാണ്.

100m2 ന് മുകളിലുള്ള ഷോപ്പുകൾ മറ്റ് വാണിജ്യ കെട്ടിടങ്ങൾ
14.01.11 ലെ സ ഉ (അ) 17/11 / തസ്വഭവ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച കേരള സർക്കാർ (ആർ ഡി) വകുപ്പിന്റെ വിജ്ഞാപനപ്രകാരം നഗരസഭാ പരിധിയിലുള്ള വിവിധ ഗണങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് ചുമത്താവുന്ന അടിസ്ഥാന വസ്തുനികുതിയുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ നഗരസഭാ കൗൺസിലിന്റെ 22.05.12 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം100 ച.മീ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലും 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിലുമാണ് നികുതി ഈടാക്കേണ്ടത്.

പെർമിറ്റ് നം ബി എ 166/06-07/ 28.10.16 നമ്പർ പ്രകാരം കെട്ടിട നിർമ്മാണ അനുമതി

ലഭിച്ച 182.81 ച മീ വിസ്തീർണ്ണമുള്ള മുക്കടിക്കാട്ടിൽ എം. എ ആന്റണി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 102.49 ച മി 14.11.2007ന് പൂർത്തീകരിച്ചതിന് ശേഷം 4.6.16 പൂർത്തീകരിച്ച 99 ച മീ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടടങ്ങളുടെ നികുതിയായ 80 രൂപ നിരക്കിൽ ഈടാക്കാതെ 60രൂപ നിരക്കിൽ ഈടാക്കിയതിനാൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 2167 രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവ് വന്ന നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് ആവർത്തന നഷ്ടമായതിനാൽ വമ്പിച്ച റവന്യൂനഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

| ഉടമസ്ഥന്റെ പേര്/വാർഡ്നം കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തു നികുതി ഈടാക്കിയത് (Rs.60/ച.മീ)+(20% വർദ്ധനവ് +20%ഇളവ്) | അടിസ്ഥാന വസ്തു നികുതി ഈടാക്കേണ്ടത് @80/.ച.മീ | കുറവ് |
|---|---|---|---|---|
| മുക്കടിക്കാട്ടിൽ എം. എ ആന്റണി TMC21/ 119 F | 19.90 | 1194+ 60LC+120ST= 1371-69(ff)=1302 | 1592+79.6+159= 1830.8-91(ff)= 1740 | 438 |
| TMC21/ 119 G | 19.80 | 1188+59LC+119ST= 1366-68(ff)=1298 | 1584+79LC+158ST= 1821-91=1730 | 432 |
| TMC21/ 119 H | 39.60 | 2376+119LC+238ST= 2733-137=2596 | 3168+158LC+317ST= 3643-182=3461 | 865 |
| TMC21/ 119I | 19.80 | 1188+59LC+119ST= 1366-68(ff)=1298 | 1584+79LC+158ST= 1821-91=1730 | 432 |
| | ആകെ | | | 2167 |

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി - ഭീമമായ കുടിശ്ശിക

നഗരസഭാപരിധിയിൽ പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (24 / 22-01-18) നഗരസഭയുടെ പരിധിയിൽ ആകെ 15 മൊബൈൽ ടവറുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ആയതിൽ 7 എണ്ണത്തിന്റെ തറ വിസ്തീർണ്ണം നഗരസഭയിൽ ലഭ്യമല്ല എന്നുമാണ്. പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകളിൽ എത്ര എണ്ണത്തിന് നഗരസഭ നിർമ്മാണത്തിനുള്ള അനുമതി നൽകിയിട്ടുണ്ട് എന്ന വിവരവും നഗരസഭയിൽ ലഭ്യമല്ല. പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയട്ടുള്ളതും പെർമിറ്റെടുത്ത് ഒക്യുപെൻസി ലഭിക്കാതെ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്തി ആയതിന് യു എ നമ്പർ നൽകി നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നഗരസഭാപരിധിയിൽ പ്രവർത്തിച്ചുവരുന്ന താഴെ കൊടുത്തിരിക്കുന്ന 2 മൊബൈൽ ടവറുകൾക്ക് മാത്രമാണ് നികുതി നിർണ്ണയം നടത്തി നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. 7 എണ്ണത്തിന്റെ ഡാറ്റാ എൻട്രി നടന്നു കൊണ്ടിരിക്കുകയാണ്. ആയതിൽ ഡാറ്റാ എൻട്രി പൂർത്തിയായിട്ടുള്ള 2 ടവറുകളുടെ വസ്തു നികുതിയിലൽ 2009 വർഷം മുതലുള്ള വസ്തുനികുതി കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മറ്റുള്ളവയുടെ കാര്യത്തിലും നികുതി നിർണ്ണയം പൂർത്തിയാക്കി കുടിശ്ശിക സഹിതം നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വികരിക്കേണ്ടതാണ്. സ്ഥാപനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

| പേര് | വാർഡ് നമ്പർ | പിരിച്ചെടുക്കാൻ ബാക്കിയുള്ള നികുതി |
|---|---|---|
| ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | XIII-322 | 294450 |
| റിലൈൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | XVII-2113 | 36409 |

## 2-5 തൊഴിൽ നികുതിവരവ് - അപാകതകൾ

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിതം എഴുതി സൂക്ഷിക്കുന്നില്ല

2005 ലെ കേരള മൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കണമെന്നും, 8-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചിട്ടുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2017-18വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാർഡ് തിരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റോ, സംക്ഷിതം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി സംബന്ധിച്ചുള്ള റിട്ടേൺ പരിശോധിച്ചതിൽ ക്രമ നമ്പർ 75 മുതൽ 99 വരെയുള്ള സ്ഥാപനം സമർപ്പിച്ച റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററിൽ ഒറിജിനൽ റിട്ടേണുകൾ ഒട്ടിച്ച് വച്ചിട്ടുണ്ട്എന്നാണ്. കൂടാതെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി സംബന്ധിച്ചുള്ള റിട്ടേൺ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും രജിസ്റ്ററിൽ ആയത് സംബന്ധിച്ചുള്ള യാതൊരു വിവരവും ചേർത്തു കാണുന്നില്ല.ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (14/17-18/തീയ്യതി :19.01.2019) ന് ഹാജരാക്കിയ മറുപടിയിൽ രണ്ടാം അർദ്ധവർഷത്തെ രജിസ്റ്റർ എഴുതി തയ്യാറാക്കി വരുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.എന്നാൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതു കരാണം മുൻവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും നികുതി ഈ വർഷം നഗരസഭയിൽ വരവ് വന്നിട്ടുണ്ടോ എന്നത് സംബന്ധിച്ചും,ഓഡിറ്റ് വർഷം നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി വരവ് വന്നിട്ടുണ്ടോ എന്നും കൃത്യമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇവിടെയും നികുതി ചോർച്ച വരാനുള്ള സാധ്യത

തള്ളിക്കളയാവുന്നതല്ല.

2) തൊഴിൽ നികുതി ഈടാക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഫാമിലിബസാർ,മന്ന |
| 2 | തളിപ്പറമ്പ് കോപ്പർ & ബ്രോൺസ് സൊസൈറ്റി |
| 3 | എസ്.ബി മെഡിക്കൽ ലാബ് ,മന്ന |
| 4 | മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് ,തളിപ്പറമ്പ് |
| 5 | വിവേഴ്സ് കോ.ഓപ്പറേറ്റീവ് സോസൈറ്റി |
| 6 | ശ്രീ ശങ്കരാചര്യ കമ്പ്യൂട്ടർ സെന്റർ |
| 7 | സോണി ഇലക്ട്രിക്കൽ പ്ലംബിംഗ് & ഇലക്ട്രോണിക്സ് (ഒന്നാം അർദ്ധവർഷം) |
| 8 | ഷോപ്റിക്സ് ,തളിപ്പറമ്പ്(രണ്ടാം അർദ്ധവർഷം) |
| 9 | വിജയാബാങ്ക് (രണ്ടാം അർദ്ധവർഷം) |

മേൽ സ്ഥാപനങ്ങളുടെയും ജിവനക്കാരുടെയും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (14/17-18/തീയ്യതി :19.01.2019) ന് ഹാജരാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. മേൽ സ്ഥാനങ്ങളുടെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി എത്രയും വേഗം ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതുമാണ്.

3)അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2005 -ലെ കേരളമുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) ഒന്നാം ഉപചട്ടത്തിന്റെ പരിധിയിൽ വരാത്ത സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും കമ്പിനികളുടെയും, ബിസിനസ്സ് നടത്തുന്നന്നവർക്കും തൊഴിലിൽ നികുതി ചുമത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭാ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിലിൽ നികുതി ഈടാക്കി കാണുന്നില്ല. ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയിട്ടുണ്ട് ഓഡിറ്റ് അന്വേഷണം (14/17-18/തീയ്യതി :19.01.2019) ന് ഹാജരാക്കിയ മറുപടിയിൽ പല തവണ നേരിട്ടും,ബാർ അസോസിയെഷൻ

മുഖേനയും നോട്ടീസ് നൽകിയിട്ടും നികുതി അടക്കാൻ അഭിഭാഷകർ തയ്യാർ ആയില്ല എന്നാണ്. അഭിഭാഷകരിൽ നിന്നും തൊഴിലിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും.ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു

4)കള്ള് ഷാപ്പുകളുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

നഗരസഭ പരിധിലുള്ള താഴെ പറയുന്ന കള്ള് ഷാപ്പുകളുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

1) പുളിമ്പറമ്പ്

2)ചിറവക്ക്

3)മന്ന

4)പ്ലാത്തോട്ടം

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്വകാര്യ ആശുപത്രി പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതിൽ കാനാട്ട് ഹോസ്പിറ്റൽ ,തളിപ്പറമ്പ് എന്ന സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കിയതായി കണ്ടു. എന്നാൽ ഈ സ്ഥാപനത്തിലെ ജിവനക്കാരുടെയും,സ്ഥാപനത്തിന്റെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ നഗരസഭയിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി വരവ് വന്നതായി കണ്ടില്ല. തൊഴിൽ നികുതി വരാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി കാനാട്ട് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിലാണ് ലൂർദ്ദ് ഹോസ്പിറ്റൽ പ്രർത്തിച്ചു വരുന്നത് എന്നാണ്. 1997 ലെ കേരളമുൻസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 11പ്രകാരം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പരാമെഡിക്കൽ സ്ഥാപനത്തിന്റെയോ പേരു മാറ്റമോ മേൽ വിലാസത്തിലുള്ള മാറ്റമോ, അഥവാ സ്ഥാപനത്തിന്റെ അടച്ചുപൂട്ടലോ ഉണ്ടായാൽ അത് ഉണ്ടായി പതിനഞ്ച് ദിവസത്തിനകം വിശദവിവരങ്ങൾ ആ സ്ഥാപനത്തിന്റെ നടത്തിപ്പുക്കാരൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതും ഇങ്ങനെ അറിയിപ്പുകിട്ടിയാൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലും ആവശ്യമുള്ള മാറ്റം വരുത്തുകയോ അല്ലങ്കിൽ സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരതിലുള്ള നടപടികൾ ഒന്നും തന്നെ മേൽ സ്ഥാപനത്തിന്റെ പേരിൽ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നോ, നഗരസഭയുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ല.രണ്ട് സ്ഥാപനങ്ങളും ഒന്നു തന്നെയാണ് എന്നത് പരിശോധിക്കുകയും മുൻസിപ്പാലിറ്റി ചട്ടം പ്രകാരം ഉള്ള നടപടികൾ സ്വകരിക്കുന്നതിലേക്കും കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ അപാകതകൾ- കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല.

1997 കേരള മുൻസിപ്പാലിറ്റി ആക്ട് (സ്വകാര്യ ആശുപത്രികളും സ്വകാര്യ പരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3( 6)പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരിമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ രണ്ടാം നമ്പർ ഫോറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.എന്നാൽ നഗരസഭയിൽ ഇത്തരത്തിലുള്ള ഒരു രജീസ്റ്റർ സൂക്ഷിച്ചുവരുന്നില്ല. കൂടാതെ നഗരസഭയുടെ പരിധിയിൽ എത്ര സ്വകാര്യ ആശുപത്രി സ്വകാര്യ പരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്നത് വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 15 /17-18/തീയ്യതി :21.01.2019 മറുപടി ഹാജരാക്കിയതിൽ 70 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ്. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ 54അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്കാ ഹാജരാക്കിയത്. എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു എന്നത് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നഗരസഭയിൽ എത്ര വരവ് വന്നു എന്ന കണക്ക് കൃത്യമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന വ്യക്തമാക്കേണ്ടതാണ്.

## 2-7 പട്ടികൾക്ക് ലൈസൻസ് -ഈടാക്കുന്നില്ല

കേരളമുൻസിപ്പാലിറ്റി ആക്ട് അദ്ധ്യായം xix ലെ വകുപ്പ് 437 പ്രകാരം നഗരസഭാ പരിധിയിലുള്ള യാതൊരാളും സെക്രട്ടറിയിൽ നിന്നു ലഭിച്ച ലൈസൻസ് കൂടാതെയും, പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടിയെ കുത്തിവെയ്പിക്കാതെയും ഏതങ്കിലും പട്ടിയെ വളർത്താൻ പാടുള്ളതല്ല. എന്നാൽ നഗരസഭാ പരിധിയിൽ ഇത്തരതിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (16 /17-18/തീയ്യതി :19.01.2019 ) ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിൽ പട്ടികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 20-10-2018 ലെ 15 നമ്പർ കൌൺസിൽ തീരുമാന പ്രകാരം ബൈലോ അംഗീകരിച്ചിട്ടുണ്ട് എന്നും ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭവന പുനരുദ്ധാരണം -മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | പ്രോജ്കട് നമ്പർ പേര് | 110/18 എസ് സി ഭവന റിപ്പയർ |
| | അടങ്കൽ | 250000 എസ് സി പി |

| | | |
|---|---|---|
| | ചെലവ് | 150000 |
| | ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | 6 |

2016-17 വർഷം ആരംഭിച്ച ഭവന റിപ്പയർ എന്ന പ്രോജക്ട് പ്രകാരം 6 പേർക്ക് ഭവന പുനരുദ്ധാരണത്തിന്25000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്, ജി.ഒ.(എം.എസ്) 4/16 തസ്വഭവ തീ. 11.1.16 (3.8.5) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കഴിഞ്ഞാൽ ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞാൽ എൽ എസ് ജി ഡി എൻജിനീയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി അനുവദിക്കേണ്ടത്. താഴെ പറയുന്ന ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റുന്നതിന് മുമ്പായി ഹാജരാക്കിയ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ആയതിന്റെ അടിസ്ഥാനത്തിൽ എൽ എസ് ജി ഡി എൻജിനീയർ തയ്യാറാക്കിയ വാല്യേഷൻ സർട്ടിഫിക്കറ്റ്, പദ്ധതിയുമായി ബന്ധപ്പെട്ട അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് , മോണിറ്ററിംഗ് സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് അന്വേഷണം നം. 4 /15 -1-2019). ഖണ്ഡികയിൽ പരാമർശിച്ച ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 150000/- രൂപ തടസ്സപ്പെടുത്തുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നം തിയ്യതി | അപാകം |
|---|---|---|---|
| ശിവൻ കെ വി | 25000 | 3/23.06.17 | എസ്റ്റിമേറ്റ്, എസ്റ്റിമേറ്റിന്റെ മേൽ എൽ എസ് ജി ഡി എൻജിനീയർ തയ്യാറാക്കിയ വാല്യേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ല |
| ബി രാഘവൻ | 25000 | 8/10.07.17 | |
| ബി തങ്കമണി | 25000 | 8/10.07.17 | |
| എം വാസു | 25000 | 13./25.7.17 | |
| എം, രവി | 25000 | 19/21.08.17 | |
| ഭാസ്കരൻ പി | 25000 | 34/17.1.18 | |

## 3-2 +1 ന് മുകളിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | | |
|---|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| | പ്രോജ്കട് നമ്പർ /പേര് | 115/18 +1 ന് മുകളിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി | |
| | അടങ്കൽ | 90000എസ് സി പി | |
| | ചെലവ് | 150000 | 25/14.11.17/50000/- |
| | | | 33/17.01.18/100000/- |
| | ആനുകൂല്യം അനുവദിച്ച | 2 | |

| | | |
|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | |

2016-17 വർഷം ആരംഭിച്ച +1 ന് മുകളിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്റ്റ് പ്രകാരം ആദർശ് ടി പി (50000/- രണ്ടാം ഗഡു), റീഷ കെ(1,00,000/-) എന്നി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പഠനമുറി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ജി.ഒ(ആർ.ടി)626/2016/ത.സ്വ.ഭ.വ. തീയതി 15-02-2016 ഉത്തരവ് പ്രകാരം നിർമ്മിക്കുന്ന പഠന മുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം ആദർശ് ടി പി ഹാജരാക്കിയ പ്ലാൻ പ്രകാരം പുതുതായി നിർമ്മിച്ച മുറിയുടെ വിസ്തീർണ്ണം 10.58 ചതുരശ്ര മീറ്റർ (113.88 ചതുരശ്ര അടി ) മാത്രമാണ്. മാർഗ്ഗ രേഖനിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങിനെ തുക നൽകാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

പദ്ധതിയുടെ ഭാഗമായി 2016-17 വർഷം 50000/- രൂപ ധനസഹായം കൈപ്പറ്റിയ ജിൻഷ കെ പി. ഇതേവരെയും പഠനമുറി പൂർത്തീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6 /15.01-19) നൽകിയ മറുപടിയിൽ ഗുണഭോക്താവ് പഠന മുറി നിർമ്മിക്കുന്നതിന് പകരം ഒന്നാം നില മുഴുവനായി നിർമ്മിച്ചതിനാലാണ് ആനുകൂല്യം അനുവദിക്കാത്തത് എന്ന മറുപടിയാണ് നൽകിയത്. മാർഗ്ഗ രേഖ പ്രകാരം നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ ആനുകൂല്യത്തിന് അർഹമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം ഗുണഭോക്താവ് ആനുകൂല്യത്തിന് അർഹയല്ല എങ്കിൽ നൽകിയ ആനുകൂല്യം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 നഗരസഭാ കാര്യാലയത്തിലേക്ക് ഫർണിച്ചർ-ടെൻഡർ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | പ്രോജ്കട് നമ്പർ പേര് | 278/18 നഗരസഭാ കാര്യാലയത്തിലേക്ക് ഫർണിച്ചർ |
| | അടങ്കൽ | 320000 തനത് |
| | ചെലവ് | 148480(വൗച്ചർ നം 1035/3/18/07.03.18 |

നഗരസഭാ കാര്യാലയത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി നടപ്പിലാക്കിയ പ്രൊജക്റ്റിന്റെ ഭാഗമായി ടെൻഡർ ക്ഷണിച്ചത് പ്രകാരം മൊണാൽ ട്രേഡിംഗ് കമ്പനി, ഫിഡ്കോ എന്നീ സ്ഥാപനങ്ങൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ടെൻഡർ സമർപ്പിച്ചുവെങ്കിലും ടെൻഡറുകൾ അംഗീകരിക്കാതെ റിടെൻഡർ ക്ഷണിക്കുകയാണ് ചെയ്തത്.

| ഇനം | ക്വോട്ട് ചെയ്ത നിരക്ക് | |
|---|---|---|
| | മൊണാൽ ട്രേഡിംഗ് കമ്പനി | ഫിഡ്കോ |
| റബ് വുഡ് മേശ 10 എണ്ണം 4X2.5 | 11858 (4'X2.5') | 7422 |

| | | |
|---|---|---|
| റബ് വുഡ് കസേര | 3384 | 2722 |
| സ്റ്റീൽ റാക്ക്(6X3X1 1/2) | 4248 | 4422 |
| സ്റ്റീൽ അലമാര(6X3X1 1/2) | 8498 | 7822 |

റി ടെൻഡർ ക്ഷണിച്ചത് പ്രകാരം പുതുതായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ടെൻഡർ സമർപ്പിച്ച ഉൾപ്പെട്ട അന്ന ഏജൻസി എന്ന സ്ഥാപനത്തിൽ നിന്ന് റബ് വുഡ് മേശ 10 എണ്ണം 3'X2'റബ് വുഡ് കസേര 30 എണ്ണം(കയ്യില്ലാത്തത്ത്), സ്റ്റീൽ റാക്ക് (6x3x1 1/2) 10 എണ്ണം, സ്റ്റീൽ അലമാര (6x3x1 1/2) 10 എണ്ണം വിതരണം ചെയ്യുന്നതിനായി ജി5-19765/17തിയ്യതി 14.03.17 പ്രകാരം സപ്ലൈ ഓർഡർ നൽകുകയാണ് ഉണ്ടായത്.

| ഇനം | ക്വോട്ട് ചെയ്ത നിരക്ക് | |
|---|---|---|
| | അന്ന ഏജൻസി | കാഡ്കോ |
| റബ് വുഡ് മേശ 10 എണ്ണം | 7390 (3'x2') | 7890(4'x2') |
| റബ് വുഡ് കസേര | 3000 | 3000 |
| സ്റ്റീൽ റാക്ക്(6x3x1 1/2) | 4890 | 4940 |
| സ്റ്റീൽ അലമാര (6x3x1 1/2) | 9958 | 9888 |

അന്ന ഏജൻസിക്ക് സപ്ലൈ ഓർഡർ നൽകിയതിന് ശേഷം 15.03.18ന് ജി5/19767/17 പ്രകാരം റബ്കോ എന്ന സ്ഥാപനത്തിൽ നിന്നും റബ് വുഡ് മേശ 10 എണ്ണം 3'X2', റബ് വുഡ് കസേര 30 എണ്ണം(കയ്യില്ലാത്തത്) വാങ്ങുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുമുണ്ട്. അന്ന ഏജൻസി ഇൻവോയിസ് നം 86/24.03.18 പ്രാകാരം താഴെ കൊടുത്തിരിക്കുന്ന സാധനങ്ങൾ മാത്രം വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| സ്റ്റീൽ റാക്ക് (6x3x1 1/2) | 10 | 4900 | 49000 |
| സ്റ്റീല് അലമാര (6x3x1 1/2) | 10 | 9958 | 99580 |
| ആകെ | | | 148480 |

1.ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം റിടെൻഡർ ചെയ്യാനുണ്ടായ കാരണം വ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3 / 15-01-19) ഫിഡ്കോ മറ്റ് പ്രൊജക്ടിൽ സപ്ലൈ ഓർഡർ നല്കി സമയത്തിനുള്ളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രൊക്യൂയർമെന്റ് കമ്മിറ്റി തീരുമാനപ്രകാരമാണ് റിടെൻഡർ ചെയ്തതെന്നാണ് മറുപടി നൽകിയത്. എന്നാൽ പ്രൊക്യൂയർമെന്റ് കമ്മിറ്റി തീരുമാനമെടുത്ത തിയ്യതിയോ , പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനുട്സോ പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല.

പ്രസ്തുത തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. 14.0318ന് അന്ന ഏജൻസിക്കും,15.03.18 ന് റബ്കോയ്ക്കും സപ്ലൈ ഓർഡർ നല്കാനുണ്ടായത് സംബന്ധിച്ച പരാമർശത്തിന് സാമ്പത്തീക വർഷാവസാനമായതിനാൽ അന്ന ഏജൻസിക്ക് റബ്കോയിൽ നിന്ന് സാധനങ്ങൾ എളുപ്പം ലഭ്യമാക്കുന്നതിന് സെക്രട്ടറിയുടെ കത്ത് ആവശ്യപ്പെട്ടത് പ്രകാരമാണ് റബ്കോയ്ക്ക് സപ്ലൈ ഓർഡർ നൽകിയത് എന്ന മറുപടിയാണ് നല്കിയത്. എന്നാൽ അന്ന ഏജൻസി അത്തരം ഒരു കത്ത് ആവശ്യപ്പെട്ടതിന്റെ രേഖ ഹാജരാക്കുകയുണ്ടായില്ല. എന്ന് മാത്രമല്ല ടെൻഡർ നടപടികളിലൂടെ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി അന്ന ഏജൻസിയെ തെരഞ്ഞടുത്ത് എഗ്രിമെന്റ് വച്ച് സപ്ലൈ ഓർഡർ നൽകിയാൽ സാധനങ്ങൾ വിതരണം ചെയ്യേണ്ടത് തെരഞ്ഞെടുത്ത സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. വിതരണം ചെയ്യാൻ തയ്യാറായി ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്ത് ടെൻഡർ അംഗീകരിച്ച് എഗ്രിമെന്റ് വച്ചതിന് ശേഷം ആയതിൽ നിന്ന് പിൻമാറിയാൽ ആയതിലൂടെ സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദി സാധനങ്ങൾ വിതരണംചെയ്യാതെ പിൻമാറിയ സ്ഥാപനമാണ്. എന്നിരിക്കെ സപ്ലൈ ഓർഡർ നൽകിയ മുഴുവൻ സാധനങ്ങളും വിതരണം ചെയ്യാതെ ഏജൻസിക്ക് തുക നൽകിയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പിക്കാൻ സാധ്യമല്ല. പദ്ധതി നടത്തിപ്പിന് തടസ്സം നിൽക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങളെ ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിലുണ്ടായ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 3-4 <u>വയാബിലിറ്റി ഗ്യാപ്പ് ഫണ്ട്- സർക്കാർ നിർദ്ദേശം പാലിക്കാതെ തുക കൈകാര്യം ചെയ്യാവുന്നതല്ല.</u>

| | | |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | പ്രോജ്കട് നമ്പർ പേര് | 236/18 വയാബിലിറ്റി ഗ്യാപ്പ് ഫണ്ട് (സീറോ വേസ്റ്റ് മാനേജ്മെന്റ്) |
| | അടങ്കൽ | 500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ചെലവ് | 500000 ( ബിൽ നം 31/10.01.18) |

2017-18 വർഷം മാലിന്യ സംസ്കരണത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മ സേനയുടെ പ്രാഥമിക ചെലവുകൾ നിർവ്വഹിക്കുന്നതിനായി 6 മാസത്തേക്ക് നൽകുന്നതിനായി വകയിരുത്തിയ 500000 രൂപ10.01.18 ന് പിൻവലിച്ചിട്ടുണ്ടെങ്കിലും നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് നഗരസഭയുമായി എഗ്രിമെന്റ് വച്ച് ഹരിതകർമ്മ സേനയായി പ്രവർത്തനം ആരംഭിക്കുന്നത് 11.01.2018 നാണ്. സ ഉ (സാധാ) 1391 /18/തസ്വഭവ /19.05.18 പ്രകാരം തുക കണക്കാക്കി 393992/- രൂപ ട്രസ്റ്റിന് നൽകിയ്ക്ക് 13.09.18 ന് മാത്രമാണ്. ബാക്കിവന്ന 106008 രൂപ 2018 നവംബർ മാസത്തിലാണ് സർക്കാരിലേക്ക് തിരിച്ചടച്ചത് .

സ ഉ (സാധാ) 2420 /17/ത സ്വഭവ 15.07.17 ഹരിത കേരള പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിലേക്കായി തുക വകയിരുത്തുന്നതിന് നിർദ്ദേശമുണ്ടെങ്കിലും ആയതിന് അനുമതി നൽകികൊണ്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും ഉൾപ്പെടുത്തികൊണ്ടുള്ള ഉത്തരവ് നിലവിൽ വരുന്നത് സ ഉ (സാധാ) 1391 /18/തസ്വഭവ /19.05.18 പ്രകാരമാണ്. ഹരിത കർമ്മ സേനക്ക് നൽകാവുന്ന തുകയുടെ കൃത്യത സർക്കാർ വ്യക്തമാക്കുന്നതിന് മുമ്പും ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായും പദ്ധതിരൂപീകരിച്ച് തുക പിൻവലിച്ച് സെക്രട്ടറിയുടെ തനത് അക്കൌണ്ടിൽ നിക്ഷേപിച്ചത് ശരിയായ നടപടിയല്ല. കൂടാതെ ജി ഒ (പി) 177/06 /ധനം.തീയ്യതി.12.04.06 ഖ . 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന പ്രതീക്ഷയിൽ തുക മുൻകൂറായി പിൻവലിക്കാവുന്നതല്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (നം.21/ 22-01-18) നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് വരവ് ചെലവ് ഹാജരാക്കാൻ വൈകിയതിനാലാണ് തുക കൈമാറാൻ വൈകിയതെന്ന മറുപടിയാണ് നൽകിയത്. ഈ രീതിയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഭാവിയിൽ ചെലവ് വരുമെന്ന പ്രതീക്ഷയിൽ പണം പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - ചെലവ് രേഖകളിൽ വ്യക്തതയില്ല. 494918/- രൂപ തടസ്സപ്പെടുത്തുന്നു.

1. തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് ഷാജി ജോർജ്, ആംമ്പിയർ എലക്ട്രിക്കൽസ് എന്ന കരാറുകാരനുമായി 16,77,690/- കരാർ തുകക്ക് 25.10.2017ഉടമ്പടിയിൽ ഒപ്പുവെക്കുകയും ഒന്നാം ഗഡുവായി 494918/-(419422+7546ജി എസ് ടി) രൂപ വൗച്ചർ നമ്പർ 939/24.02.18 പ്രകാരം കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഉ അ 3/2011/തസ്വഭവ /18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ -2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധിത വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബിയിലെയും അധികാരികൾ സംയുക്ത പരിശോധനനടത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. നഗരസഭയിൽ രണ്ട് ഇലക്ട്രിക്ക് സെക്ഷനുകളിലായാണ് (കരിമ്പം, തളിപ്പറമ്പ) തെരുവ് വിളക്കിനുള്ള ചാർജ്ജ് ഒടുക്കിവരുന്നത് ആയതിൽ തളിപ്പറമ്പ സെക്ഷനു കീഴിലുള്ള തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കരിമ്പം സെക്ഷന് കീഴിലുള്ള തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് നാളിതു വരെയും സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. കരിമ്പം സെക്ഷന് കീഴിൽ കെ എസ് ഇ ബി യിൽ ചാർജ്ജ് ഒടുക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണത്തിനനുസരിച്ചാണ് എ എം സി തയ്യാറാക്കിയിരിക്കുന്നത്. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്താതെ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ബൾബുകളുടെ എണ്ണം കണക്കാക്കിയതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല. എ.എം.സി. പ്രകാരം ഒന്നാം ഗഡുവായി തുക അനുവദിക്കുന്നതിന് മുമ്പായി കരാറുകാരൻ എത്ര വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല. എ.എം.സി. പ്രകാരം റിപ്പയർ ചെയ്ത തെരുവ്

വിളക്കുകളുടെ എണ്ണത്തിൽ വ്യക്തതയില്ലാതെ തുക അനുവദിച്ചതിനാലും നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണത്തിൽ കൃത്യതയില്ലാതിരുന്നിട്ടും വിളക്കുകളുടെ എണ്ണത്തിനനുസരിച്ച് കരാർ തയ്യാറാക്കിയതിനാൽ ചെലവ് തുകയായ 494918/- രൂപ തടസ്സപ്പെടുത്തുന്നു.

| Sl No | Item | Number | Rate/year |
|---|---|---|---|
| 1 | 250 W SVl | 243 | 1800 |
| 2 | 150 W SVL | 54 | 1600 |
| 3 | 2X36 W Tube | 533 | 650 |
| 4 | 1X36 W Tube | 218 | 550 |
| 5 | 2X11Auto CFL | 643 | 520 |
| 6 | 2X11 CFL | 572 | 490 |
| 7 | 22 W LED | 72 | 700 |
| 8 | 22 W LED | 30 | 750 |

2017-18 വർഷം കെ എസ് ഇ ബിയിൽ തെരുവ് വിളക്ക് ചാർജ്ജായി 03/17 മുതൽ 02/18 വരെ ഒടുക്കിവന്നത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള ബൾബുകൾക്കാണ്. കെ എസ് ഇ ബി യിൽ ചാർജ്ജ് ഒടുക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണവും എ എം സി പ്രകാരമുള്ള തെരുവ് വിളക്കുകളുടെ എണ്ണവും വ്യത്യസ്തമായതിനാൽ മാർഗ്ഗരേഖ നിർദ്ദേശപ്രകാരം കെ എസ് ഇ ബി യുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

| Sl No | Item | Number | Rate/Month | Amount |
|---|---|---|---|---|
| 1 | 250 W SVl | 243 | 414 | 100602 |
| 2 | 150 W SVL | 54 | 247 | 13338 |
| 3 | 80 W FLUO Tube | 533 | 124 | 66092 |
| 4 | 40 W FLUO Tube | 218 | 61 | 13298 |
| 5 | 22W CFL | 643 | 14 | 9002 |
| 6 | 11 CFL | 572 | 7 | 4004 |
| 7 | 72 W CFL | 29 | 45 | 1305 |
| | Total | | | 207641 |

## **3-6** വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല. **180000** രൂപ തടസ്സപ്പെടുത്തുന്നു

2017-18 വർഷം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായമായി 3 ലക്ഷം രൂപ 10 പേർക്ക് (30,000 രൂപ വീതം) വിതരണം ചെയ്തിട്ടുണ്ട് (ബിൽ നം 22/12.10.17). അയതിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ മക്കളുടെ വിവാഹം കഴിഞ്ഞതിന്റെ രേഖകൾ പരിശോധിക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 180000 രൂപ തടസ്സ പ്പെടുത്തുന്നു.

| ഗുണഭോക്താക്കളുടെ പേര് | മകളുടെ പേര് | അപേക്ഷ സമർപ്പിച്ച തിയ്യതി | അപേക്ഷ പ്രകാരം വിവാഹ തിയ്യതി |
|---|---|---|---|
| ആസ്മ. പി | സയാന | 20.10.15 | 08.11.15 |
| ലക്ഷ്മി സി | ജേഷ്മ സി | 17.12.15 | 01.01.16 |
| കമലാക്ഷി പി പി | നിമിത | 14.01.16 | 06.03.16 |
| സുനന്ദ കെ വി | സ്മിത | 27.01.16 | 07.02.16 |
| മറിയം സി | സജീറ | 26.01.16 | 07.02.16 |
| നബീസ പി | സുമയ്യ | 30.01.16 | 06.03.16 |

ആനുകൂല്യം വിതരണം ചെയ്യുന്നതിന് മുമ്പായി വിവാഹം നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തേണ്ടതാണ്.

## **3-7** പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദേശം പാലിച്ചില്ല.**1,81,710** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ- 280/18 (അധ്യാപകസംഗമം)

അടങ്കൽ- 2,00,000/-(വികസനഫണ്ട്)

ബിൽ നമ്പർ- 3/17-18 dt 22.3.18 Rs. 1,81,710/-

നിർവഹണം- ഹെഡ്മാസ്റ്റർ

i)തളിപ്പറമ്പ് നഗരസഭയിൽ അധ്യാപക സംഗമം നടത്തുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷിക പദ്ധതിയുടെ മാർഗനിർദേശങ്ങൾ ജി ഒ. (എം എസ്). നം.79/2017/ തസ്വഭവ, തീ. 3.4.17 ഖണ്ഡിക 12.9(4) പ്രകാരം വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠനനിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, അധ്യാപക പരിശീലനം സംഘടിപ്പിക്കുക എന്നിവയുടെ പ്രോജക്ടുകൾ എസ്.എസ്.എ, ആർ എം എസ് എ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവൂ. എന്നാൽ എസ് എസ് എ മുഖാന്തിരം 2017-18 ൽ തളിപ്പറമ്പ് നഗരസഭാ പരിധിയിൽപെട്ട സ്കൂളുകളിലെ അധ്യപകർക്ക് പരിശീലനം നടത്തിയിട്ടില്ല എന്ന എസ് എസ് എ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ii)കൂടാതെ പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിൽ പ്രതിപാദിക്കാത്ത 'അധ്യാപകസംഗമം' എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് മുമ്പ് ജിഒ (എംഎസ്) നമ്പർ-80/17 തസ്വഭവ. 3.4.17 ഖണ്ഡിക 2.1 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയത് ലഭ്യമാക്കിയിട്ടില്ല.

iii) മേൽ പ്രതിപാദിച്ച ബിൽ പ്രകാരം 1,81,710/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് അധ്യാപകഅവാർഡ് ജേതാക്കൾക്ക് ഉപഹാരസമർപ്പണം, വിരമിക്കുന്ന അധ്യാപകർക്ക് ഉപഹാരസമർപ്പണം, അധ്യാപക പരിശീലകർക്ക് വേതനം നല്കൽ, ഓഡിറ്റോറിയം വാടക എന്നീ ഇനങ്ങൾക്കാണ് പണം ചെലവഴിച്ചതെന്ന് താഴെ പ്രതിപാദിക്കുന്ന പട്ടികയിൽ നിന്നും വ്യക്തമാവുന്നുണ്ട്. വാങ്ങലുകൾ സുതാര്യമാക്കുന്നതിന് ക്വട്ടേഷൻ നടപടികളും സ്വീകരിച്ചിട്ടില്ല.

| ക്രമനമ്പർ | തുക നൽകിയ സ്ഥാപനത്തിന്റെ പേര്, വിഷയം | തുക |
|---|---|---|
| 1 | മൊട്ടമ്മൽ മാൾ തളിപ്പറമ്പ്,ഭക്ഷണം,ഹാൾ വാടക, ചായ | 1045000 |
| 2 | ഫോട്ടോ,സൂപ്പർ വിഷൻ സ്റ്റുഡിയോ | 600 |
| 3 | ഉപഹാരസമർപ്പണം, അധ്യപക അവാർഡ് ജേതാക്കൾ | 900 |
| 4 | പ്രചരണ ബോർഡ്,ബാനർ,സ്റ്റേജ്ബാനർ- കളർകോം തളിപ്പറമ്പ് | 6500 |
| 5 | ചായപ്പലഹാരം- കെ വി കെ ഹോട്ടൽ തളിപ്പറമ്പ് | 2400 |
| 6 | ഉപഹാരസമർപ്പണം അധ്യപകർക്ക്- മൗലവി ബുക്ക് | 43200 |

| | | |
|---|---|---|
| | ഡിപ്പോ,കാസർകോട് | |
| 7 | അച്ചടി നോട്ടീസ്, റൈറ്റിംഗ് പാഡ്,പെൻസിൽ,ക്ഷണക്കത്ത് | 9350 |
| 8 | ഉപഹാരസമർപ്പണം- വിരമിക്കുന്ന അധ്യപകർക്ക്, എഡ്സ്റ്റാർ തളിപ്പറമ്പ് | 8260 |
| 9 | ഫാക്കൽറ്റി റെമ്യൂണറേഷൻ | 6000 |
| | ആകെ | 181710 |

മേൽ പ്രകാരം മാർഗരേഖാ ലംഘനം നടത്തിയ കാരണങ്ങളാൽ 1,81,710/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കാതിരിക്കാൻ കാരണം വല്ലതുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 25/17-18 dt 22.1.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ശ്രദ്ധയിൽ പ്പെട്ടുത്തിയപ്പോൾ ഡി പി സി അംഗീകാരം ലഭിച്ചതിനാലാണ് പ്രോജക്ട് നടപ്പിലാക്കിയതെന്നും, മികച്ചതും അനുകരണീയമായ രീതിയിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിയതെന്നും നഗരസഭാചെയർമാൻ അറിയിക്കുകയുണ്ടായി.ആയത് മാർരേഖാ ലംഘനത്തെ സാധൂകരിക്കുന്നതല്ലാത്തതിനാൽ 1,81,710 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 സീനിയർ വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ

1).പ്രോജക്ട് നമ്പർ- 14/18 ആട്ടുവളർത്തൽ പദ്ധതി
അടങ്കൽ-1,00,000/-(വികസനഫണ്ട്).
1,09,200/- മറ്റുള്ളവ,ഗുണഭോക്തൃവിഹിതം
ആകെ- 2,09,200
ചെലവ്- 95,000/-(വികസനഫണ്ട്)
- 95,000/- (ഗുണ. വിഹിതം)
ആകെ- 1,90,000
അപാകങ്ങൾ:-

i). 19 ഗുണഭോക്താക്കൾക്ക് ആടുകളെ വാങ്ങി നൽകുന്നതിനുവേണ്ടിയുള്ള ഗുണഭോക്തൃവിഹിതവും, പദ്ധതിവിഹിതവും ഉൾപ്പെടെ ആടിനെ വാങ്ങിയ മുഴുവൻ തുകയും കൈമാറേണ്ടത് വിൽപന നടത്തിയ വ്യക്തിക്കാണ്. എന്നാൽ പ്രസ്തുത വ്യക്തിയുടെ കൈപ്പറ്റ് രശീത് ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.
ii).മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2. പ്രോജക്ട് നമ്പർ- 21/18 മുട്ടക്കോഴിവിതരണം
അടങ്കൽ-2,00,000/-(വികസനഫണ്ട്).
2,58,000/- മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം)
ആകെ- 4,58,000
ചെലവ്- 2,00,000/-(വികസനഫണ്ട്)
2,00,000/- (ഗുണ. വിഹിതം)
ആകെ- 4,00,000
അപാകങ്ങൾ:-
i)ഗുണഭോക്താക്കൾ 20 കോഴികളെ കൈപ്പറ്റിയതിന് രേഖ ലഭ്യമാക്കിയിട്ടില്ല
ii)മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല
iii)ഗുണഭോക്തൃ ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട 15 പേർ കോഴിയെ വാങ്ങിയിട്ടില്ല.പകരം സപ്ലിമെന്ററി ലിസ്റ്റിലെ 20 പേർക്ക് കോഴിയെ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 5 പേർക്ക് 20 കോഴി വീതം 100 കോഴികളെ അധികം നൽകിയിട്ടുണ്ട്. എന്നാൽ ഷാന എഗ്ഗർ നേഴ്സറിയിൽ നിന്നും 200 പേർക്ക് നല്കുന്നതിനാവശ്യമായ 4000 കോഴികളെ മാത്രമേ വാങ്ങിയിട്ടുള്ളൂ.വാങ്ങിയിട്ടില്ലാത്ത കോഴികളെ വിതരണം നടത്തിയതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.
iv)അധികം നൽകിയ 5 പേരുടെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതും അടവാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/17-18 dt 17.01.19 ന് നൽകിയ മറുപടിയിൽ മെയിൻ ലിസ്റ്റിലെ 18 പേർ കോഴിയെ വാങ്ങിയിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. അങ്ങനെയാണെങ്കിലും 2 പേർക്ക് അധികം നൽകിയിട്ടുണ്ട്. വിതരണ വേളയിലെ തിരക്കിനിടയിൽ ഗുണഭോക്താക്കൾ കോളം മാറി ഒപ്പിട്ടുപോയതിനാലാണ് ഇത് സംഭവിച്ചിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

3. പ്രോജക്ട് നമ്പർ- 8/18 കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ-93,750/-(വികസനഫണ്ട്).
ബിൽ നമ്പർ- 8/17-18 dt 19-2-18, 93750/
അപാകം-
തുക എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 24-2-18 ൽ കൈമാറിയിട്ടുണ്ട് പ്രദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ കന്നുകുട്ടി പരിപാലന പദ്ധതിക്ക് നൽകിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. പ്രോജക്ട് നമ്പർ- 13/18 (കറവ പശുവിതരണം)
അടങ്കൽ-2,00,000/-(വികസനഫണ്ട്).
2,24,760/- മറ്റുള്ളവ

ആകെ- 4,24,760
ചെലവ്- 2,00,000/-(വികസനഫണ്ട്)
2,00,000/- (ഗുണ. വിഹിതം)
ആകെ- 4,00,000
അപാകങ്ങൾ:-

i).ഭാർഗവി പി,കണ്ടോത്ത് വീട് എന്ന ഗുണഭോക്താവ് (ക്രമനമ്പർ -6, വാർഡ് നമ്പർ 26) നിഷ പി,പാലങ്ങാടൻ ഹൗസ് എന്നയാളിൽ നിന്നും 20,000 രൂപ വിലയുള്ള പശുവിനെയാണ് വാങ്ങിയത് എന്ന് പർച്ചേസ് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ 10,000/- രൂപയുടെ സബ്സിഡിക്ക് മാത്രമേ അർഹതയുള്ളൂ. എന്നാൽ 20000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ മേൽ പരാമർശിച്ച ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ആയത് തെറ്റായി രേഖപ്പെടുത്തിപ്പോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം വിഷയത്തിൽ ഭാവിയിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
ii).മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

## 3-9 ഭവന റിപ്പയർ പദ്ധതി-അപാകതകൾ

പ്രോജക്ട് നമ്പർ 287 /2018 -ഭവന റിപ്പയർ പദ്ധതി

അടങ്കൽ -1700000 /-(വികസന ഫണ്ട്)

ചെലവ്- 1250000/-

ബിൽ നം.8/10-01-18-500000/-

9/22-01-18-250000/-

12/28-02-18-125000/-

13/28-02-18-25000/-

14/15-03-18-350000/-

ആകെ-12,50,000

നിർവ്വഹണ ഉദ്യോഗസ്ഥൻ-പ്രൊജക്ട് ഓഫീസർ ,നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ,

പ്രൊജക്ട് നടപ്പിലാക്കുന്നതിനായി ഓരോ വാർഡിൽ നിന്നും ഓരോ ഗുണഭോക്താവിനെ വീതം 34 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.ഇതിൽ 31 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)പദ്ധതി മാർഗരേഖ (എം.എസ്)നം.80/17/തസ്വഭവ,തീയതി.03-04-17 ഖ.8.6 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുവാനാണ് ധനസഹായം അനുവദിക്കേണ്ടത് എങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾ മേൽക്കൂര മാറ്റലിനോടൊപ്പം വീട്

പ്ളാസ്റ്ററിംഗം,വാതിൽ,ജനലുകൾ മാറ്റൽ എന്നീ പ്രവൃത്തികൾ കൂടി നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര് | വാർഡ് നം. |
|---|---|---|
| 1. | രോഹിണി പി.വി | 4 |
| 2. | പി.കെ വസന്ത | 22 |
| 3. | രാഘവൻ.പി.സി | 32 |
| 4 | യശോദ.കെ.വി | |

2)വരുമാന പരിധി 100000 രൂപയാണെങ്കിലും മിക്ക ഗുണഭോക്താക്കളും വരുമാന സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കളുടെ വരുമാനം വാർഡ് സഭയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്നും പഴയ വീടുകളുടെ മേൽക്കൂര അറ്റകുറ്റപ്പണിയും പ്ലാസ്റ്ററിംഗ്, വാതിലുകളുടെയും ജനലുകളുടെയും അറ്റകുറ്റപ്പണിയും ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നുമാണ് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചുമർ ബലമുള്ളതും മേൽക്കര ജീർണിച്ചതോ ആയ ഭവനങ്ങൾക്കാണ് ധനസഹായം നൽകേണ്ടത്. സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ കൃത്യമായി പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ബാലസഭ പ്രവർത്തനം-പഠനയാത്ര നടത്തിയത് മാർഗ്ഗരേഖാ ലംഘനം

പ്രൊജക്ട് ഓഫീസർ ,

നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ,

പ്രോജക്ട് നമ്പർ 258 /2018 -ബാലസഭ പ്രവർത്തനം
അടങ്കൽ -50,000 /-(വികസന ഫണ്ട്)

ചെലവ്- ബിൽ നമ്പർ-2/17-07-17-50,000/-

പ്രൊജക്ട് ഓഫീസർ ,നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ,

പ്രോജക്ട് നടപ്പിലാക്കുന്നതിനായി തൻവർഷം വികസന ഫണ്ടിൽ നിന്നും 50,000രൂപ

ചെലവഴിച്ചിട്ടുണ്ട്. കോഴിക്കോട് പ്ലാനറ്റോറിയം, കാപ്പാട് ബീച്ച്, ക്രാഫ്റ്റ് വില്ലേജ് എന്നീ സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിച്ച ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് എം(.എസ്)നമ്പർ.2017/തസ്വഭവ, തീയ്യതി 03-04-2017 ഖണ്ഡിക 12.7 പ്രകാരം ഉൽപാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പുകൾമേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠനയാത്രകൾ തുടങ്ങിയവകൾ തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബാല സഭയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച സംസ്ഥാന കുടുംബശ്രീമിഷൻ അംഗീകരിച്ച മാർഗ്ഗരേഖ പദ്ധതി പണം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് മാത്രമാണ് നടപ്പിലാക്കേണ്ടത്. ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൃത്യമായ നിർദ്ദേശം നിലനിൽക്കെ ഇത്തരത്തിൽ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. മാർഗ്ഗരേഖാ ലംഘനം നടത്തിയതിന് നഗരസഭയുടെ നിലപാട് കൂടി പരിഗണിച്ച് മറുപടി നൽകേണ്ടതാണ്.

## 3-11 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ - തുകയുടെ വിനിയോഗവിവരങ്ങൾ ഹാജരാക്കിയില്ല.900000 രൂ.തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| | പ്രോജ്കട് നമ്പർ പേര് | 24/18 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് | |
| | അടങ്കൽ | 400000 (വികസന ഫണ്ട് ജനറൽ)<br>500000 (തനത്) | |
| | ചെലവ് | 400000 (വികസന ഫണ്ട് ജനറൽ) | ബിൽ നം 26/18.11.17 |
| | | 500000 (തനത്) | വൗച്ചർ നം 1016/3 /18/24.03.18 |

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയ നടപ്പിലാക്കുന്നതിലേക്കായി കണ്ണൂർ ജില്ലാ കളക്ടറുടെ H3-3538/2016/DCKNR Dated29.03.17 നിർദ്ദേശപ്രകാരം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ നിന്നുള്ള C33/CKCL/2017/20.01.17 നമ്പർ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ( ജി ഒ .93/2014എൽ എസ് ജി ഡി/ 28.05.17 ഉത്തരവ് പ്രകാരം ) പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് മുകളിൽ കൊടുത്തിരിക്കുന്ന പ്രകാരം 9,00,000/- രൂപ നല്കിയിട്ടുണ്ട്. 05.02.2018 മുതൽ ഷ്രെഡിംഗ് യൂണിറ്റും ബെയിലിംഗ് മെഷീനും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. യൂനിറ്റ് സ്ഥാപിക്കുന്നതിലേക്കായി ക്ലീൻ കേരള കമ്പനി നൽകിയ പ്രകാരം ഹാജരാക്കിയ പ്രൊപ്പോസൽ തുകയിൽ നിന്നും വ്യത്യസ്തമായ

തുകയാണ് നിർമ്മാണത്തിനായി 22/201-18/15.09.17 നമ്പർ പ്രൊഫോർമ ഇൻവോയയിസ് പ്രകാരം നൽകിയിരിക്കുന്നത് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | | പ്രൊപ്പോസൽ പ്രകാരമുള്ള തുക | പ്രഫോർമ ഇൻവോയിസ് പ്രകാരമുള്ള തുക | |
|---|---|---|---|---|
| A | Shreding Machine 15 H P | 2,90,000 | 3,84,552+18%GSt | 4,53,772 |
| | Blade Grinding Machine | 60,000 | | |
| | Tools and Weighing Machiner | 20000 | | |
| | | 3,70,000+GST 66,600=4,36,600 | | 453772 |
| B | Bailing Machine7.5 HP | | 392857+18%GST | 4,63,571 |
| C | Installation Charges | 25000 | | 24600 |

| | | | | |
|---|---|---|---|---|
| D | Supervision Charges(1 year) | 90000 | | 41000 |
| | | | | |
| | Totall cost of the Project | 4,85,000 | | 9,82,943 |
| | | | | |

* ഇനം Aയിൽ Shreding Machine, 15 HP, Blade And Tools and Weighing Machineryഎന്നിവയുടെ വില ഉൾപ്പടെയുള്ളതാണ് എന്ന് ഇൻവോയിസിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊപ്പോസൽ തുകയിൽ നിന്നും വ്യത്യസ്തമായ തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 4/15.01.2019-ന് മറുപടിയായി നൽകിയത് നിർമ്മാണത്തിന് പ്രൊഫോർമ ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ട 9,82,943രൂപയിൽ 9,00,000 രൂപ മാത്രമേ നൽകിയിട്ടുള്ളൂ എന്നും ജി എസ് ടി ഉൾപ്പെട്ടതിനാലാണ് തുകയിൽ വ്യത്യസം ഉണ്ടായത് എന്നുമാണ്. ജി എസ് ടി ഉൾപ്പെടാതെയുള്ള വിലയിലുള്ള വ്യത്യാസത്തിന് വിശദികരണം നൽകിയിട്ടില്ല. 900000/- രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കുകയുണ്ടായില്ല.

1. ക്ലീൻ കേരള കമ്പനിയുമായി ഉണ്ടാക്കിയ ധാരണപത്രം

2.ക്ലീൻ കേരള കമ്പനി പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ഹാജരാക്കിയ ഇനം തിരിച്ചുള്ള കാഷ് ബിൽ.

3. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം/ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം

4. നല്കിയ തുക ക്ലീൻ കേരള കമ്പനി കൈപ്പറ്റിയതിന്റെ രേഖ.

മേൽ പരാമർശിച്ച രേഖകളുടെ അഭാനത്തിൽ ചെലനഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-12** <u>ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കുമ്പോൾ വിവിധ അവധികൾ കാരണം ശമ്പളത്തിലുണ്ടാകുന്ന കുറവ് പരിഗണിച്ചില്ല.</u>

ശമ്പള പരിഷ്കരണ കുടിശികയുടെ ഒന്നും രണ്ടും ഗഡുക്കൾ പട്ടികയിൽ കൊടുത്തിരിക്കുന്ന വൌച്ചറുകൾ പ്രകാരം ജീവനക്കാർക്ക് ഓഡിറ്റ് വർഷം നല്കിയിട്ടുണ്ട്.

| വൌച്ചർ നം/തിയ്യതി | തുക |
|---|---|
| 219/15.06.17 | 50621 |
| 220/15.06.17 | 11810 |
| 250/14.07.17 | 37710 |
| 325/19.0717 | 627044 |
| 603/1.11.17 | 54828 |
| 839/30.01.18 | 32582 |
| 840/30.01.18 | 58719 |
| 841/30.01.18 | 544274 |

1. ശമ്പള പരിഷ്കരണ കുടിശിക കണക്കാക്കിയപ്പോൾ 12/1/2016 ലെ സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളം കുറവു ചെയ്യാതെ പത്രിക തയ്യാറാക്കിയതിനാൽ അധിക തുക നല്കാനിടയായിട്ടുണ്ട്. താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ജീവനക്കാർ നഗരസഭയിലെ 2016 ജനവരി മാസത്തെ ഹാജർപട്ടിക പ്രകാരം 12/1/2016 ലെ സമരത്തിൽ പങ്കെടുത്തിട്ടുണ്ട് എന്നാൽ ആ ദിവസത്തെ ശമ്പളം കുറവു ചെയ്യാതെയാണ് ശമ്പള കുടിശിക കണക്കാക്കിയത്.പ്രസ്തുത ജീവനക്കാർ അധികമായി കൈപ്പറ്റിയ തുക ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പേര്, | തസ്തിക |
|---|---|---|
| 1 | എൻ കെ ദിനേശൻ | സൂപ്രണ്ട് |
| 2 | വി സി മുകുന്ദൻ | സീനിയർ ക്ലർക്ക് |
| 3 | മധു ടി | സീനിയർ ക്ലർക്ക് |
| 4 | ഗീത ഐ വി | സീനിയർ ക്ലർക്ക് |

| | | |
|---|---|---|
| 5 | ലക്ഷമണൻ കെ പി | സീനിയർ ക്ലർക്ക് |
| 6 | നാരായണൻ എം എം | സീനിയർ ക്ലർക്ക് |
| 7 | ദീപ സി | സീനിയർ ക്ലർക്ക് |
| 8 | പി ശശി | സീനിയർ ക്ലർക്ക് |
| 9 | രാമ ചന്ദ്രൻ എം പി | സീനിയർ ക്ലർക്ക് |
| 10 | രാധാകൃഷ്ണൻ എ | സീനിയർ ക്ലർക്ക് |
| 11 | ഗീത വി | ക്ലർക്ക് |
| 12 | ഷൈനി എം ജെ | ക്ലർക്ക് |
| 13 | സുചിത ടി | ക്ലർക്ക് |
| 14 | ഗീത എം | ക്ലർക്ക് |
| 15 | സരിത എ | ക്ലർക്ക് |
| 16 | രാജേഷ് എം വർഗ്ഗിസ് | ഓഫീസ് അറ്റന്റന്റ് |
| 17 | സരിത പെരിയാട്ട് | ഓഫീസ് അറ്റന്റന്റ് |
| 18 | ഷൈമ പി പി | ഓഫീസ് അറ്റന്റന്റ് |
| 19 | സൂരജ് എം വി | ജെ എച് ഐ ഗ്രേഡ് 2 |
| 20 | ഹരി പുതിയില്ലത്ത് | ജെ എച് ഐ ഗ്രേഡ് 2 |
| 21 | പ്രദീപ് കുമാർ പി | ജെ എച് ഐ ഗ്രേഡ് 2 |
| 22 | അജീർ പി പി | ജെ എച് ഐ ഗ്രേഡ് 2 |
| 23 | ഷീജ. കെ കെ | ബിൽ കലക്ടർ |
| 24 | ലക്ഷ്മി ഒ | ബിൽ കലക്ടർ |
| 25 | ലിന്ന വി സി | ബിൽ കലക്ടർ |
| 26 | ഷമ്ന എ കെ | ബിൽ കലക്ടർ |
| 26 | സുരേഷ് കുമാർ എൻ | ആർ . ഐ |
| 27 | ചന്ദ്രിക കെ | ടൈപ്പിസ്റ്റ് (സെല ഗ്രേ) |

2. സ്ഥാപനത്തിലെ ഹാജർ പട്ടിക പ്രകാരം എം കെ ഷമ്ന. എൽ ഡി സി 2015 ആഗസ്റ്റ് 1 മുതൽ ആഗസ്റ്റ് 31 വരെ ശൂന്യവേതനാവധിയിലായിരുന്നു . ആയത് കണക്കിലെടുക്കാതെ ജീവനക്കാരിക്ക് കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

3.സ്ഥാപനത്തിലെ ഹാജർ പട്ടിക പ്രകാരം ഷൈമ പി പി ഓഫീസ് അറ്റന്റന്റ് 03.02.2015 മുതൽ 31.03.2015 വരെ ശൂന്യവേതനാവധിയിലായിരുന്നു ആയത് കണക്കിലെടുക്കാതെയാണ് ജീവനക്കാരിക്ക് കുടിശിക അനുവദിച്ചിട്ടുള്ളത്

ജീവനക്കാർക്ക് അധികം നൽകാനിടയായ ശമ്പളകുടിശ്ശിക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ച മറ്റു ജീവനക്കാരുടെ കാര്യത്തിലും ഇത്തരം അപാകങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധനാവിധേയമാക്കേണ്ടതാണ്.

ഹാജർ പട്ടികയുടെ സൂക്ഷിപ്പും ശമ്പള വിതരണവും കൃത്യമായ മേൽനോട്ടത്തിന് വിധേയമാകുന്നില്ല എന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇക്കാര്യത്തിൽ മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥനും മേൽനോട്ടത്തിന് ചുമതലപ്പെടുത്തിയവരും അവരുടെ കടമകളിൽ വീഴ്ച വരുത്തിയതായി ന്യായമായും കരുതാവുന്നതാണ്. കൗൺസിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുകയും വിഴ്ചകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## **3-13** ടെണ്ടർ കുറവ് പരിഗണിക്കാതെയും,എസ്റ്റിമേറ്റിൽ നിജപ്പെടുത്താതെയും തുക അനുവദിച്ചതുവഴി അധികതുക കരാറുകാരന് നല്കി.**1,35,930** രൂപയുടെ ചെലവ് നിരാകരിക്കുന്നു

മുൻസിപ്പാലിറ്റിയുടെ വിവിധ ഭാഗങ്ങളിൽ മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി മുൻസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയതും,പദ്ധതിതുക ചെലവഴിച്ചതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രോജക്ട് നമ്പർ- 95/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,നിയർ ഗവൺമെന്റ് ഹോസ്പിറ്റൽ.

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-224/16-17,

എഗ്രിമെന്റ് നമ്പർ- E-08/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

2.പ്രോജക്ട് നമ്പർ- 96/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,മന്ന ജംഗ്ഷൻ

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-222/16-17,

എഗ്രിമെന്റ് നമ്പർ- E-07/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

3.പ്രോജക്റ്റ് നമ്പർ- 97/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,കപ്പാലം ജംഗ്ഷൻ

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,19,374/-,എംബുക്ക് നമ്പർ-223/16-17,

എഗ്രിമെന്റ് നമ്പർ- E-13/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,19,374/-

4.പ്രോജക്റ്റ് നമ്പർ- 99/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,രാജരാജേശ്വര ടെമ്പിൾ

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-221/16-17,

എഗ്രിമെന്റ് നമ്പർ- E-09/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

5.പ്രോജക്റ്റ് നമ്പർ- 100/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,ഹൈവേ പ്ലാസ ജംഗ്ഷൻ

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-220/16-17,

എഗ്രിമെന്റ് നമ്പർ- E-10/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

6.പ്രോജക്റ്റ് നമ്പർ- 101/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,ന്യൂസ് കോർണർ ജംഗ്ഷൻ

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-218/16-17,

എഗ്രിമെന്റ് നമ്പർ- E-11/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

7.പ്രോജക്റ്റ് നമ്പർ- 103/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,ശ്രീകൃഷ്ണടെമ്പിൾ ഈസ്റ്റ് നട.

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-219/16-17,

എഗ്രിമെന്റ് നമ്പർ- E-12/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

8.പ്രോജക്ട് നമ്പർ- 104/18 എൽഇഡി മിനിഹൈമാസ്റ്റ് നിർമാണം,ഏഴാം മൈൽ

അടങ്കൽ-1,80,000/-(തനത്ഫണ്ട്).

ചെലവ്-1,18,879/-,എംബുക്ക് നമ്പർ-244/16-17,

എഗ്രിമെന്റ് നമ്പർ- E-06/17-18 dt 25-5-17

ആകെ പ്രവൃത്തിമൂല്യം-1,18,879/-

മേൽ പ്രോജക്ടുകളുൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി തനതുഫണ്ടിൽ നിന്നും ചെക്ക് നമ്പർ-715646 dt.15-2-18 പ്രകാരം 10,73,858/- രൂപ സെക്രട്ടറി, മുൻസിപ്പൽ എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്.ഇതിൽ നിന്നും ചെക്ക് നമ്പർ 020061/16-2-18 പ്രകാരം 932493/- രൂപ മുൻസിപ്പൽ എഞ്ചിനീയർ, കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

